# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2393

07.02.2019 ൽ മറുപടിക്ക്

## വ്യവസായ ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.ജെ. മാക്സി : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽ വന്ന ശേഷം വ്യവസായ പുരോഗതി കൈവരിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വ്യവസായ സംരംഭകർക്ക് ലൈസൻസുകളും, ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സഹായകരമായ വിധത്തിൽ നിയമമാക്കിയ കേരള ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ ആൻറ് ഫെസിലിറ്റേഷൻ ആക്ട് 2018 നിലവിൽ വന്ന ശേഷം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകൾ ലഭിക്കുന്നതിലേയ്ക്കായി സംരംഭകർക്ക് ഓൺലൈൻ മുഖാന്തിരം അപേക്ഷിക്കുന്നതിനും ആയത് 30 ദിവസത്തിനകം ലഭിക്കുന്നതിലേയ്ക്കുമായി K-SWIFT(സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ സർക്കാർ വികസിപ്പിച്ചിട്ടുണ്ട്.<br><br>ടി പോർട്ടൽ വഴി ഓരോ നവസംരംഭകർക്കും ഓൺലൈൻ ആയി തന്റെ സംരംഭത്തിന്റെ അടിസ്ഥാന വിവരങ്ങൾ രേഖപ്പെടുത്തി ആവശ്യമായ ലൈസൻസ്/നിരാക്ഷേപ പത്രങ്ങൾ എന്നിവയെ സംബന്ധിക്കുന്ന വിവരങ്ങൾ അറിയാവുന്നതാണ്. തുടർന്ന് ഓൺലൈൻ ആയി തന്നെ വിവിധ വകുപ്പുകളിലേയ്ക്ക് അപേക്ഷയും സമർപ്പിക്കാവു-ന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലൈസൻസ് ലഭിക്കാത്ത പക്ഷം ഡീംഡ് ലൈസൻസ് അനുവദിച്ചു കിട്ടുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | സംവിധാനവും K-SWIFT പോർട്ടലിലുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനായി ജില്ലാതലത്തിൽ ഒരു കോർ ടീം രൂപീകരിച്ചിട്ടുണ്ട്. എൻ.ഐ.സി യുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. ടി പോർട്ടലിന്റെ പ്രാരംഭ രൂപം പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. പോർട്ടൽ 11.02.2019 ൽ ബഹു. മുഖ്യമന്ത്രി ഔദ്യോഗികമായി ലോഞ്ച് ചെയ്യുന്നതോടുകൂടി പൂർണ്ണ രൂപത്തിൽ പ്രവർത്തന സജ്ജമാകും. |
| **(ബി)** | ഇതിന്റെ ഭാഗമായി കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി, കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴി എന്നിവയ്ക്കായി കേന്ദ്ര സർക്കാരിന്റെ അനുമതി നേടിയെടുക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | **(ബി)** | കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഒരു അപേക്ഷ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. തുടർന്ന് വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് ആന്റ് ഇംപ്ലിമെൻറേഷൻ ട്രസ്റ്റ് (എൻ.ഐ.സി.ഡി.ഐ.ടി) ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. കെ.എസ്.ഐ.-ഡി.സി. തയ്യാറാക്കിയ പദ്ധതി രൂപരേഖ നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെൻറ് ആൻറ് ഇംപ്ലിമെൻറേഷൻ ട്രസ്റ്റിന് സമർപ്പിക്കുകയും ഇതേതുടർന്ന് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദോപദേശക ഏജൻസിയെ കെ.എസ്.ഐ.ഡി.സി. നിയമിച്ചു. പ്രസ്തുത പദ്ധതിയുടെ രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് നാഷണൽ ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെൻറ് ആൻറ് ഇംപ്ലിമെൻറേഷൻ ട്രസ്റ്റിന് സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വ്യവസായം തുടങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച ഏകജാലക ഓൺലൈൻ സംവിധാനത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | (സി) | 10.04.2018 ലെ ജി.ഒ(ആർറ്റി) നം.431/18/ഐഡി നമ്പർ പ്രകാരം K-SWIFT(സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റർ ഡിസ്പോസൽ ആന്റ് ട്രാൻസ്പെരൻസി) എന്ന പേരിൽ ഒരു പോർട്ടൽ കെ.എസ്.ഐ.ഡി.സി വികസിപ്പിച്ചിട്ടുണ്ട്. ഇതിന്റെ സുഗമമായ നടത്തിപ്പിനായി ജില്ലാതലത്തിൽ ഒരു കോർ ടീം രൂപീകരിച്ചിട്ടുണ്ട്. എൻ.ഐ.സി യുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. ടി പോർട്ടലിന്റെ പ്രാരംഭ രൂപം പുറത്തിറക്കുകയും ചെയ്തിട്ടുണ്ട്. പോർട്ടൽ 11.02.2019 ൽ ബഹു. മുഖ്യമന്ത്രി ഔദ്യോഗികമായി ലോഞ്ച് ചെയ്യുന്നതോടുകൂടി പൂർണ്ണ രൂപത്തിൽ പ്രവർത്തന സജ്ജമാകും. |

സെക്ഷൻ ഓഫീസർ